## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 97 — 29/09/2016-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വി.ടി. ബൽറാം | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് ഈ സർക്കാർ നിലവിൽ വന്ന ശേഷം എന്തെങ്കിലും പദ്ധതി ആവി,ഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. പൊതുവിദ്യാലയങ്ങളിലെ മലയാളം, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എസ്.സി.ഇ.ആർ.ടി യുടെ സഹകരണത്തോടുകൂടി ആവിഷ്കരിച്ച് വരുന്നു. കൂടാതെ, വിദ്യാർത്ഥികൾക്ക് പ്രകൃതിയെക്കുറിച്ച് കൂടുതൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനായി "ജൈവവൈവിധ്യ ഉദ്യാനം - വിദ്യാലയങ്ങളിൽ" എന്ന മറ്റൊരു പദ്ധതിക്കും രൂപം നൽകിവരുന്നു. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സമഗ്രവിദ്യാഭ്യാസ പദ്ധതിയും, ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ സ്കൂളിലും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഏതെങ്കിലും സാമൂഹ്യ-സാംസ്കാരിക സംഘടനകളുടെ പിന്തുണയോടെയാണോ ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്; | (ബി) എം.എൽ.എമാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ/എസ്.എസ്.എ, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ എല്ലാവരുടെയും പിന്തുണയോടുകൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ആഗ്രഹിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ വർഷത്തെ ബജറ്റിൽ ഇതിനായി എത്ര തുക നീക്കിവെച്ചിട്ടുണ്ട്; | (സി) | 2016-17 സാമ്പത്തിക വർഷത്തിലെ പദ്ധതിരേഖയിൽ 'ആശ്വാസ്' എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപ "ജൈവവൈവിധ്യ ഉദ്യാനം - വിദ്യാലയങ്ങളിൽ" എന്ന പദ്ധതിക്കായി വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായിട്ടുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്ക് തുടങ്ങുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ഡി) | ഉണ്ട്. 2016-17 അദ്ധ്യയന വർഷത്തിൽ ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഏഴ് സ്കൂളുകൾ എന്ന ക്രമത്തിൽ സംസ്ഥാനത്തെ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലായി 980 സ്കൂളുകളിൽ 50,000 രൂപ വീതം വിനിയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജൈവവൈവിധ്യത്തിന്റെ സന്ദേശം കുട്ടികളിൽ മാത്രം ഒതുക്കാതെ സമൂഹത്തിൽ മുഴുവൻ വ്യാപിപ്പിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജൈവവൈവിധ്യ ഉദ്യാനത്തിന് ആവശ്യമായ സ്ഥലമുള്ള വിദ്യാലയങ്ങളെയാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. |

Sheela K

സെക്ഷൻ ഓഫീസർ